**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 855** **31-01-2024 - ൽ മറുപടിയ്ക്ക്**

**വിദ്യാവാഹിനി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഐ. സി. ബാലകൃഷ്ണൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | വിദ്യാവാഹിനി പദ്ധതിയിൽപ്പെട്ട വാഹനങ്ങൾക്കുള്ള പണം അനുവദിക്കാത്തതിനാൽ കുട്ടികളുടെ പഠനം മുടങ്ങിയെന്ന ആരോപണത്തെ ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | പട്ടികവർഗ്ഗ വിദ്യാർത്ഥികളെ സ്കൂളുകളിൽ കൊണ്ടു പോയി തിരികെ വീട്ടിൽ എത്തിക്കുന്നതിനായി 2013-14 ൽ പട്ടിക വർഗ്ഗ വികസന വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്ന ഗോത്രസാരഥി പദ്ധതി 2020-21 മുതൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ TSP ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുവാൻ 01/04/2020 ലെ G.O.(Rt) No.725/2020/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു.<br><br>എന്നാൽ പല പഞ്ചായത്തുകളും ഗോത്രസാരഥി പദ്ധതി നടപ്പിലാക്കുന്നതിനായി തുക വകയിരുത്താതിരിക്കുകയും, വകയിരുത്തിയ തുക മതിയാകാതെ വരികയും ചെയ്ത സാഹചര്യത്തിൽ കുടിശ്ശിക തുകയായ 11.64 കോടി രൂപ പട്ടികവർഗ്ഗ വികസന വകുപ്പിൽ നി ന്നും അനുവദിച്ചിരുന്നു.<br><br>തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയുള്ള പദ്ധതി നടത്തിപ്പ് ഫലപ്രദമല്ലെന്ന് കണ്ടതിനാൽ കുട്ടികളുടെ പഠനം മുടങ്ങുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി 30/03/2023 ലെ സഉ(സാധാ)നം.415/2023/പജപവവിവ നമ്പർ ഉത്തരവ് പ്രകാരം ടി പദ്ധതി വിദ്യാവാഹിനി എന്ന് പുനർനാമകരണം ചെയ്ത് പട്ടിക വർഗ്ഗ വികസന വകുപ്പ് ഏറ്റെടുക്കുകയുണ്ടായി. |
| (ബി) | പ്രസ്തുത ഇനത്തിൽ എത്ര രൂപയാണ് നിലവിൽ അനുവദിക്കാനുള്ളത്; ജില്ല തിരിച്ച വിശദാംശങ്ങൾ നൽകുമോ; | (ബി) | പ്രസ്തുത ഇനത്തിൽ 2024 ജനുവരി 31 വരെ അനുവദിക്കുവാനുള്ള തുകയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | വാഹനങ്ങൾ എത്താത്ത സാഹചര്യത്തിൽ കുട്ടികളുടെ പഠനത്തിനായി ബദൽ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | കുട്ടികൾക്കുള്ള വാഹനം എത്താത്ത സാഹചര്യം നിലവിൽ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല |

| | | | |
|---|---|---|---|
| (ഡി) | അടിയന്തരമായി പണം അനുവദിച്ച നൽകിക്കൊണ്ട് കുട്ടികളുടെ പഠനം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഡി) | വിദ്യാവാഹിനി പദ്ധതി നടപ്പിലാക്കുന്നതിനായി നാളിതുവരെ പ്രോജക്ട് ഓഫീസർ/ട്രൈബൽ ഓഫീസർമാർക്ക് 1260 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.<br><br>കൂടാതെ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ പദ്ധതി നടപ്പിലാക്കിയ ഇനത്തിൽ അനുവദിക്കാനുണ്ടായിരുന്ന തുകയിൽ 2022-23 വർഷം 753.01 ലക്ഷം രൂപയും നടപ്പ് വർഷം 96.45 ലക്ഷം രൂപയും പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

| ക്രമ നമ്പർ | ജില്ല | **2024** ജനുവരി **31** വരെ അനുവദി ക്കാനുള്ള തുക |
|---|---|---|
| 1. | തിരുവനന്തപുരം | 78,50,000/- |
| 2. | കൊല്ലം | 5,36,543/- |
| 3. | ആലപ്പുഴ | 0 |
| 4. | പത്തനംതിട്ട | 1,84,765/- |
| 5. | കോട്ടയം | 8,00,000/- |
| 6. | ഇടുക്കി | 72,29,460/- |
| 7. | എറണാകുളം | 2,50,000/- |
| 8. | പാലക്കാട് | 93,17,952/- |
| 9. | തൃശ്ശൂർ | 4,65,656/- |
| 10. | മലപ്പുറം | 16,00,000/- |
| 11. | കോഴിക്കോട് | 0 |
| 12. | വയനാട് | 2,55,00,000/- |
| 13. | കണ്ണൂർ | 1,04,17,705/- |
| 14. | കാസർകോഡ് | 26,82,000/- |
| ആകെ | | **6,68,34,081/-** |